# റാന്തൽ



## ജി.എച്ച്.എസ്സ്.എസ്സ്
## ചന്തിരൂർ



# ജി.എച്ച്.എസ്സ്.എസ്സ്.
# ചന്തിരൂർ

## ഞങ്ങളുടെ ബഹുമാനപ്പെട്ട ഹെഡ് മാസ്റ്റർ,



## ***സന്ദേശം***

സർഗശേഷിയിടെ പ്രകാശമാണ് ഡിജിറ്റൽ മാഗസിനായ **റാന്തൽ.** ചന്തിരൂർ ഗവ:ഹയർ സെക്കൻണ്ടറി സ്കൂളിലെ പ്രതിഭാസമ്പന്നരായ ലിറ്റിൽ കൈറ്റ്സിലെ വിദ്യാർത്ഥികൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ സവിശേഷതകൾ കോണ്ട് വേറിട്ടുനിൽക്കട്ടെ എന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു.

സ്നേഹത്തോടെ,

അബ്ദുൽ ബഷീർ

[ഹെഡ്മാസ്റ്റർ]

# ലിറ്റിൽ കൈറ്റ്സും
# മാസ്റ്റർ ട്രയിനേഴ്സും



# ഉള്ളടക്കം

കഥകൾ
കടങ്കഥകൾ
കുസൃതിചോദ്യങ്ങൾ
നാവു കുഴക്കികൾ
ചിത്ര രചനകൾ

# പ്രവേശനോത്സവം





# സ്കൂൾ കലോത്സവം











# ശാസ്ത്രമേള








MATHS EXPERT


Grammar
Reported Speech
Report speech is how we
represent the speech of
other people or what we
ourselves say



## സംസ്ഥാന ശാസ്ത്രോത്സവത്തിൽ
## പങ്കെടുത്ത നൗഫലിന് സ്കൂളിൽ ആദരവ്
## നൽകിയപ്പോൾ...



# അനാഥമായ ബാല്യം

സ്നേഹ എന്നായിരുന്നു ആ കുട്ടിയുടെ പേര്.അനാഥത്വം

അവൾക്ക് ഒരിക്കലും ഒരു പുതിയ അനുഭവമായിരുന്നില്ല.  കാരണം

കഴിഞ്ഞ പത്ത് വർഷത്തോളമായി അവളുടെ മൂന്നാം വയസ്സ് മുതൽ. മൂന്നാം ജന്മദിനത്തിന്റെ തലേന്നുള്ള

ആഘോഷത്തിലാണ്തന്റെ പപ്പയേയും അമ്മയേയും

കുഞ്ഞനിയനയനെയും സ്നേഹയ്ക്ക് നഷ്ടമായത്.ക്രി-സതുമസ്സിന് ജനിച്ചൊ അവൾ വലിയ ഭാഗ്യമാണനാണ്

സ്വന്തക്കാരെല്ലാവരും പറഞ്ഞുനടന്നത്.പക്ഷേ

അവളുടെ വിധി മറ്റൊന്നായിരുന്നു.ആ വർഷത്തെ ക്രിസതുമസ്സിന്റെ തലേ

രാത്രി അവർക്കെല്ലാവർക്കും ഉത്സവ- ത്തിന്റെ ദിവസമായിരുന്നു.പിറ്റേന്ന് ഉണ്ണിയേശുവിന്റെ മാത്രമല്ല തങ്ങളുടെ പൊന്നോമനയുടേയും ജന്മദിനമായിരുന്നു.

ആഘോഷത്തിമിർപ്പിലായിരുന്നു എല്ലാവരും.മത്താപ്പും പൂത്തി

രിയും നക്ഷത്രങ്ങളും ക്രസ്തുമസ് ട്രീയും എല്ലാം ഉണ്ടായിരുന്നു. അവളുടെ പപ്പ എന്തൊക്കെയോ വാങ്ങാനായി കാറുമായി പുറത്തുപോയിരിക്കുകയായിരുന്നു ഒരുപാടു വൈകിയിട്ടും റോഡിലെ തിരക്കും ട്രാഫിക് ജാമും കാരണം അദ്ദേഹത്തിന്

അനങ്ങാൻ പറ്റാത്ത അവസ്ഥയായിരുന്നു.വീട്ടിൽ എല്ലാവരും

എത്തിയിരിക്കും.താൻ എത്രയും പെട്ടെന്ന് എത്തണം വേറെ ഏതെങ്കിലും ഇടറോഡിലൂടെ പെട്ടെന്ന് എത്താം എന്ന് വിചാരിച്ച അയാൾ ഒരു ഇടവഴിയിലേക്ക് കാർ എടുത്തു കുണ്ടും കുഴിയും നിറഞ്ഞ

റോഡായിരുന്നു. രാത്രി ആഘോഷത്തിനിടെ പൊട്ടിക്കാനുള്ള പടക്കവും

കാറിലിരിക്കുന്നു. പെട്ടെന്ന് എത്തണം

വേറെ ഏതെങ്കിലും ഇടറോഡിലൂടെ പെട്ടെന്ന് എത്താം എന്ന് വിചാരിച്ച അയാൾ ഒരു ഇടവഴിയിലേക്ക് കാർ എടുത്തു കുണ്ടും കുഴിയും നിറഞ്ഞ

റോഡായിരുന്നു. രാത്രി ആഘോഷത്തിനിടെ പൊട്ടിക്കാനുള്ള പടക്കവും കാറിലിരിക്കുന്നു. പെട്ടെന്ന് എത്തണം എന്നുള്ള ചിന്തയിൽ വേഗത്തിൽ വണ്ടിയോടിച്ചു.ഒരു വലിയ കുഴിയിൽ ചാടിയെങ്കിലും പ്രശ്നം ഒന്നും ഉണ്ടായില്ല.സ്നേഹയുടെ പപ്പ വണ്ടി വേഗത്തിൽ ഓടിച്ചുവീട്ടിലെത്തി. പക്ഷേ കുഴിയിൽ ചാടിയപ്പോൾ പെട്രോൾ ടാങ്കിലെ ചോർച്ച ആരും ശ്രദ്ധിച്ചില്ല.സമയം വേഗത്തിൽ പോയി പിറന്നാളിന്റെയും ക്രിസ്തുമസ്സിന്റെയും ആഘോഷങ്ങൾ പൊടി പൊടിക്കുകയാണ്സ്നോഹയുടെ പപ്പ പടക്കം പൊട്ടിക്കാനുള്ള തയ്യാറെടുപ്പിലാണ്. മുറ്റത്തിട്ടി- രുന്ന കാറിന്റെ മോളിൽ അനിയനെ ഇരുത്തി അമ്മയും അടുത്തുണ്ടായിരുന്നു.പപ്പ ഒരു കമ്പിത്തിരി കത്തിച്ചു കാറിന്റെ സമീപത്തേക്ക് ചെന്നതും ഒരു വലിയ പൊട്ടിത്തെറിയാണ് ഉണ്ടായത്.പപ്പയും അമ്മയും കുഞ്ഞനിയനും ചിതറിത്തെറിച്ചു സ്നേഹ മുത്തശ്ശിയുടെ അടുത്തായിരുന്നു.തന്റെ മകനും ഭാര്യയും കുഞ്ഞും ചിതറിത്തെറിക്കുന്ന കാഴ്ച താങ്ങാനാ- വാതെ ആ മുത്തശ്ശി കുഴഞ്ഞു വീണു മരിച്ചു.

പാവം സ്നേഹ മോൾ അന്നു മുതൽ അനാഥയായി. അവളുടെ ദോഷം കൊണ്ടാണ് എല്ലാം സംഭവിച്ചതെന്ന് പറഞ്ഞ് ബന്ധുക്കളെല്ലാം ആ കുഞ്ഞിനെ കൈയ്യൊഴിഞ്ഞു.

തന്റെ പിറന്നാളിന് അനാഥമായി തീർന്ന ആ ബാല്യംപിന്നീട് അനാഥാലയത്തിലായി.പിന്നീട് ആ കുഞ്ഞു ബാല്യം അനാഥാലയത്തിലെ ചേച്ചിമാരുടെയും ചേട്ടന്മാരുടെയും ഒപ്പമായി.ഇപ്പോൾ അവൾക്ക് 13 വയസ്സുണ്ട് അവരെല്ലാവരും കൂടെയുള്ളപ്പോൾ അവൾ അനാഥയല്ലാ, പക്ഷേ സ്വന്തം മാതാപിതാക്കളും സഹോദരനും നഷ്ടപ്പെട്ട അവൾക്ക് അവരെ പ്പോലെയാവില്ലല്ലോ മറ്റാരും.അവൾ എന്നും ജനലിലൂടെ ദൂരേക്ക് നോക്കി കരയുമായിരുന്നു. അവളുടെ ഓർമ്മയിൽ എവിടെയോ തന്റെ മാതാപിതാക്കളെയും കുഞ്ഞനിയനെയും കുറിച്ചുള്ള ഓർമ്മകൾ ഉണ്ടായിരുന്നു

ദൈവം തന്നെയും കൂടെയുള്ളവരെയും

എന്തിനാണ് അനാഥമാക്കിയതെന്ന് അവൾ എന്നും ചിന്തിക്കാറുണ്ട്. ദൈവം എന്തിനീ ക്രൂരത കാട്ടി?

നമുക്ക് ഒന്നു ചിന്തിക്കാം.ഇതുപോലെ അനാഥമായ എത്രയോ ബാല്യങ്ങൾ അനാഥാലങ്ങളിലും തെരുവുകളിലുമായി കഴിയുന്നു. അവരുടെ മനസ്സു നിറഞ്ഞ പുഞ്ചിരി എന്നെങ്കിലും നമുക്ക് കാണാൻ സാധിക്കുമോ....

നന്മയും സന്തോഷവും ഉണ്ടാകുവാൻ നമുക്ക് പ്രാർത്ഥിക്കാം.

നമ്മെ സനാഥനാക്കിയ ദൈവത്തിന് നന്ദി പറയാം.

ആൻ മരിയ
IX B

## രാമുവും സുന്ദരിമീനും



പണ്ട് പണ്ട് രാമു എന്ന് പേരുള്ള ഒരു മീൻ പിടുത്തക്കാരൻ ഉണ്ടായിരുന്നു.മീൻ പിടിക്കാൻ പോയാൽ എന്നും എറ്റവും കൂടുതൽ മീൻ കിട്ടുന്നത് രാമുവിനായിരിക്കും.

ഒരു ദിവസം കടലിൽ വലവീശിയ രാമുവിന് കിട്ടിയത് ഒരേയൊരു മീൻ മാത്രമാണ് .ഭംഗിയുള്ള ആ മീനിനെ കണ്ടപ്പൊൾരാമു വിചാരിച്ചു,"ഈ മീനിനേ കൊല്ലണ്ട,കിണറ്റിൽ ഇടാം."അങ്ങനെ രാമു ആ മീനിനെ വീട്ടിലെ കിണറ്റിലിട്ടു.പിറ്റന്ന് രാമു മീൻ പിടിക്കാൻ പോയി. തിരിച്ചു വന്ന രാമു അത്ഭുതപ്പെട്ടുപോയി, "ങ്ഹേ.... വീട് തൂത്തുതുടച്ച് ഭംഗിയാക്കിയിരിക്കുമന്നു,നല്ല ആഹാരവും ഉണ്ടല്ലൊ.ആരാണിതുചെയ്തത്.?"എന്നാൽ എത്ര ആലോചിച്ചിട്ടും ആരാണെന്ന് രാമുവിന് പിടികിട്ടിയില്ല.അടുത്ത ദിവസം അവൻ മീൻ പിടിക്കാൻ പോയി തിരിച്ചുവന്നപ്പൊൾ തലേദിവസം സംഭവിച്ചത് പൊലെ വീടെല്ലാം വൃത്തിയാക്കിയിരിക്കുന്നു ആഹാരവും തയ്യാറായിട്ടുണ്ട് മൂന്നാം ദിവസം പുറത്തേക്കു പോകുന്നതുപൊലെ ഭാവിച്ച് രാമു കതക് വലിച്ചടച്ചു എന്നിട്ട് വീട്ടിൽ ഒളിച്ച് പുറത്തേക്ക് നോക്കിയിരുന്നു.

അപ്പോൾ കിണറ്റിൽ നിന്നും അതാ പുറത്തേക്കു ചാടുന്നു ആ മീൻ! കരയിൽ വീണതും അവൾ ചെതുമ്പലിടിപ്പും ചിറകും ഊരിയിട്ട് സുന്ദരമായ വസ്ത്രം ധരിച്ച് ഒരു സുന്ദരിപ്പെണ്ണായി മാറി എന്നിട്ട് വീട്ടിൽ കയറി ജോലി തുടങ്ങി.രാമു ആ സുന്ദരിമീനിന്റെ ചെതുമ്പലുടുപ്പും ചിറകും എടുത്ത് തീയിലിട്ടു. "ഹയ്യോ നിങ്ങൾ എന്താണ ചെയ്തത് !" "ഞാനിനി എങ്ങനെ കടലിലേക്ക് തിരിച്ചു പോകും?.." അവൾ ഓടി

വന്നു അപ്പോൾ രാമു പറഞ്ഞു ."നീ ഇനി എങ്ങും പോകണ്ട. ഞാൻ നിന്നെ കല്ല്യാണം കഴിക്കാം.”അങ്ങനെ സുന്ദരിമീൻ രാമുവിനോടൊപ്പം താമസം തുടങ്ങി.ഇക്കാര്യം ആ നാടു ഭരിക്കുന്ന രാജാവ് അറിഞ്ഞു “ആ സുന്ദരിപ്പെണ്ണിനെയും അവളുടെ ഭർത്താവിനെയും ഇവിടെ കൊണ്ടു വരൂ".രാജാവ് കല്പിച്ചു. അതനുസരിച്ച് രാമുവും സുന്ദരിമീനും കൊട്ടാരത്തിലെത്തി. “ഹോ ഇവൾ എത്ര സുന്ദരിയാണ്.!!” രാജാവ് തീരുമാനിച്ചു.എന്നിട്ട് രാമുവിനോട് പറഞ്ഞു. “നാല്പ്പതുദിവസത്തിന് ഉള്ളിൽ കടലിനു നടുവിൽ ഒരു കൊട്ടാരം പണിയണം, ഇല്ലായെങ്കിൽ നിന്റെ തല വെട്ടും.”നാല്പ്പത് ദിവസം കഴിയുമ്പോൾ രാമുവിനെ തല വെട്ടി കൊന്നിട്ട് സുന്ദരിമീനിനെ കല്ല്യാണം കഴിക്കാം അതായിരുന്നു രാജാവിന്റെ വിചാരം. വീട്ടിൽ തിരിട്ടെത്തിയപ്പോൾ സുന്ദരിമീൻ പറഞ്ഞു. “ ഒന്നും പേടിക്കേണ്ട കടൽതീരത്ത് ചെന്ന് മീൻരാജാവേ സഹായിക്കു എന്ന് മൂന്നു തവണ പറയണം.അങ്ങേയ്ക്ക് കൊട്ടാരം പണിയാൻ ഒരു ബുദ്ധിമുട്ടും ഉണ്ടാവില്ല, എന്റെ അച്ഛനാണ് മീൻരാജാവ്.”അതുകേട്ട് രാമു കടപ്പുറത്തു ചെന്ന് വിളിച്ച് പറഞ്ഞു. “മീൻരാജാവേ സഹായിക്കൂ.”അങ്ങനെ മൂന്ന് തവണ പറഞ്ഞപ്പോൾ കടലിൽ നിന്നും വലിയൊരു സ്രാവ് വന്നു. ഒരു രത്നക്കല്ല് രാമുവിന് കൊടുത്തിട്ട് മീൻരാജാവ് പറഞ്ഞു . “ഇത് കടലിലേക്ക് എറിയൂ " രാമു ആ രത്നം കടലിലേയ്ക്കെറിഞ്ഞതും അവിടെ മനോഹരമായ ഒരു കൊട്ടാരം ഉയർന്നുവന്നു. രാമു ഇതുവരെ കണ്ടതിൽ ഏറ്റവും വലുതും ഭംഗിയുള്ളതുമായിരുന്നു അത്. കൊട്ടാരം കണ്ടപ്പോൾ രാജാവ് പല്ലിറുമ്മി. “ഹും... ഇവൻ ഇതെങ്ങനെ സാധിച്ചു. നടക്കാത്ത മറ്റെന്തെങ്കിലും കാര്യം പറയാം.” അങ്ങനെ വിചാരിച്ചിട്ട് രാജാവ് പറഞ്ഞു. “ആ കൊട്ടാരത്തിലേക്ക് ഒരാഴ്ച്ചയ്ക്കുള്ളിൽ ഒരു ചില്ലുപാലം ഉണ്ടാക്കണം ഇല്ലെങ്കിൽ തല വെട്ടും. മീൻ രാജാവിന്റെ സഹായത്തോടെ രാമു ചില്ലുപാലം ഉണ്ടാക്കി.അപ്പോൾ മുട്ടയിൽ നിന്ന് കഴുതയെ വിരിയിക്കാനും ആപ്പിൾപ്പഴത്തിൽ നിന്നും മുയലുകളെ ഉണ്ടാക്കാനും രാജാവ് പറഞ്ഞു. രാമു അതെല്ലാം ചെയ്തു.പക്ഷേ അവനെ ഉപദ്രവിക്കാൻ വേണ്ടി രാജാവു

പറഞ്ഞു. “ജനിച്ച ഒരു ദിവസം പ്രായമുള്ള ഒരു കുഞ്ഞിനെ കൊണ്ടു വരണം.അത് സംസാരിക്കണം,ഓടിനടക്കണം.” രാമു മീൻരാജാവിന്റെ സഹായത്തോടെ ഒരു കുഞ്ഞിനെ കോണ്ടുവന്നു.ആ കൊച്ചുകുഞ്ഞ് വന്നപാടെ ഓടിച്ചെന്ന് രാജാവിന്റെ കരണത്തടിച്ചു. “ഠോ..!” എന്നിട്ടു ചോദിച്ചു. “കടലിൽ കൊട്ടാരം പണിയാൻ നിങ്ങൾക്കു കഴിയുമോ?”. രാജാവ് മറുപടി പറയും മുമ്പ് രണ്ടാമത്തെ അടി അടിച്ചു. “ഠോ..!” എന്നിട്ട് ചോദിച്ചു. “കടലിലെ കൊട്ടാരത്തിലയ്ക്ക് ചില്ലുപാല് പണിയാൻ നിങ്ങൾക്കു കഴിയുമോ?” രാജാവ് അതിന് മറുപടി പറയും മുമ്പ് കുട്ടി മൂന്നാമത്തെ അടി അടിച്ചു. "ഠോ...!” എന്നിട്ട് മുട്ടയിൽ നിന്ന് കഴുതയെയും, ആപ്പിൾപ്പഴത്തിൽ നിന്ന് മുയലുകളെ ഉണ്ടാക്കാനം നിങ്ങളേ കൊണ്ട് കളിയുമോ..? “നീതിയില്ലാത്തവന്റെ വീട് കടലിലാണ്.

പെട്ടെന്ന് എവിടെ നിന്നോ ഒരു കൊടുങ്കാറ്റ് വന്നു.ആ കൊടുങ്കറ്റ് രാജാവിനെ ഉയർത്തിയെടുത്ത് കടലിലേക്കുക്കൊണ്ടു പോയി.രാമു നീതിമാനാണെന്നു മനസ്സിലാക്കിയ ജനങ്ങൾ രാമുവിനെ പുതിയ രാജാവാക്കി. അങ്ങനെ രാമുവും സുന്ദരിമീനും സന്തോഷത്തോടെ രാജ്യം ഭരിച്ചു.

നന്ദന സി.ബി

IXB

# ***അത്യാഗ്രഹിയായ അയൽക്കാരൻ***

ഒരിടത്ത് ഒരു ഹോഗ്ലി എന്ന് പേരുള്ള ചൈനക്കാരൻ ഉണ്ടായിരുന്നു.അദ്ദേഹം പാവപ്പെട്ടവനും സത്യസന്ധനുമായിരു - ന്നു.

അയാളുടെ വീടിന്റെ അടുത്ത് ഒരു പണക്കാരനായ ഒരു അയൽക്കാരനുണ്ടായിരുന്നു.അവൻ വളരെ അസൂയാലുവും അത്യാ-ഗ്രഹിയുമായിരുന്നു.എത്ര കിട്ടിയാലും വീണ്ടും വീണ്ടും വേണമെ-ന്നുള്ള അതിയായ മോഹമുണ്ടാകും.

അങ്ങനെയിരിക്കെ ഒരു ദിവസം ഹോഗ്ലി ഒരു മരത്തൈ നട്ടു വളരെ വർഷങ്ങൾക്കു ശേഷമാണ് അത് കായിട്ടത് അത് കണ്ട് ഹോഗ്ലിക്ക് സന്തോഷമാവുകയും ചെയ്തു അങ്ങനെ ഹോഗ്ലി അതിന്റെ കായ പൊട്ടിച്ചു നോക്കി അത് കണ്ട ഹോഗ്ലി അത്ഭുതപ്പെട്ടു! അതാ കായിൽ ഒരു സ്വർണ്ണനാണ- യം ഒരോ കായിൽ നിന്നും ഒരോ സ്വർണ്ണനാണയം കിട്ടി അങ്ങനെ അദ്ദേഹം പണക്കാരനായി. ഇതു കണ്ട അയൽക്കാരന് അസൂയ തോന്നി.അയൽക്കാരൻ ഹോഗ്ലിയോട് കാര്യം തിരക്കുകയും ചെയ്തു. ഹോഗ്ലി അയൽക്കാരനോട് നടന്ന സംഭവം പറഞ്ഞു.അങ്ങനെ അയൽക്കാരൻ ഹോഗ്ലിയുടെ അടുത്ത് നിന്നു ഒരു മരത്തൈ വാങ്ങി അയാൾ നട്ടു പക്ഷേ വർഷങ്ങൾ കടന്നു പോയിട്ടും അയാളുടെ മരം കായിട്ടില്ല അയാൾക്ക് ദേഷ്യം വന്നു. ദേഷ്യം കാരണത്താൽ അയാൾ അയാളുടെയും ഹോഗ്ലി -യുടെയും മരം വെട്ടി. ഹോഗ്ലിക്ക് ഒരു വളർത്തു പട്ടിയുണ്ടായിരുന്നു. ആ പട്ടി വളരെ സ്നേഹമുള്ള പട്ടിയായിരുന്നു.ഒരു ദിവസം അതിന്റെ പുറകെ ചെല്ലാൻ പ്രേരിപ്പിച്ചു അത് മനസ്സിലാക്കിയ ഹോഗ്ലി അതിന്റെ പുറകെ ചെന്നു അത് ഹോഗ്ലിയെ മലയടിവാര-

ത്തിലേക്ക് കൊണ്ടു പോയി പട്ടി മണ്ണിൽ മാന്തുകയും അയാൾക്കുനേരെ
കുരക്കുകയും ചെയ്തു. കാര്യം മനസ്സിലാക്കിയ അദ്ദേഹം അവിടെ
കുഴികുഴിക്കുകയും കുറച്ച് കഴിഞ്ഞപ്പോൾ കുഴിയിൽ  ഒരു പെട്ടി കണ്ടു
അതയാൾ തുറന്നു നോക്കിയപ്പോൾ
അത്ഭുതപ്പെട്ടുപോയി! അതിൽ നിറയെ സ്വർണ്ണവും രത്നവും ആയി-
രുന്നു അത് കൊണ്ടദ്ദേഹം സുഖമായി ജീവിച്ചു.ഇത് അയൽക്കാരന്
തീരെ ഇഷ്ടപ്പെട്ടില്ല. അങ്ങനെ അയാൾ ഹോഗ്ലിയോട് കാര്യം
തിരക്കുകയും അദ്ദേഹം നടന്നതെല്ലാം പറഞ്ഞു അപ്പോൾ അയൽക്കാരൻ
ഹോഗ്ലിയോട് പട്ടിയെ ചോദിച്ചു.അപ്പോൾ അദ്ദേഹം പട്ടിയെ
കൊടുത്തു.അങ്ങനെ അയൽക്കാരൻ ആ പട്ടിയെ വീട്ടിൽ കൊണ്ടുപോയി
എന്നിട്ട്  പട്ടിയോട് അയാൾ ചോദിച്ചു 'സ്വർണ്ണമെവിടെ
സ്വർണ്ണമെവിടെ'
പട്ടി കിടന്നടുത്ത് നിന്നനങ്ങിയില്ല പിന്നെയും അയാൾ ഉച്ചത്തിൽ
ചോദിച്ചു 'സ്വർണ്ണമെവിടെ  സ്വർണ്ണമെവിടെ' പട്ടി കിടന്നടുത്ത്
നിന്നനങ്ങിയില്ല അയാൾക്ക് ദേഷ്യം വന്നു അയാൾ പട്ടിയെ പൊതിരെ
തല്ലിയതിനു ശേഷം അയാൾ ചോദിച്ചു 'സ്വർണ്ണമെവിടെ
സ്വർണ്ണമെവിടെ' പട്ടി അയാളെ മലയടിവാരത്തിൽ കൊണ്ടു പോയി
എന്നിട്ട് പട്ടി ഉറക്കെ കുരച്ചു.
കുറച്ചു കഴിഞ്ഞപ്പോൾ ഒരു കൂട്ടം ചെന്നായ്ക്കൾ അങ്ങോട്ട് വരുന്നത്
അയാൾ കണ്ടു. അയാൾ ഓടാൻ ശ്രമിച്ചു പക്ഷേ അയാൾക്ക് അത്
സാധിച്ചില്ല. അങ്ങനെ അയാൾ ചെന്നായ്ക്കളുടെ ഇരയാവുകയും പട്ടി
തിരിച്ച് ഹോഗ്ലിയുടെ അടുത്തുമെത്തി.

***ഗുണപാഠം:- അത്യാഗ്രഹം ആപത്താണ്***

സഹല സി.എം

IX B

# മുത്തശ്ശി

ഒരു പട്ടണത്തിന്റെ ഹൃദയഭാഗത്തായി ഒരു ഫ്ളാറ്റ് സ്ഥിതി ചെയ്യുന്നു. ആ ഫ്ളാറ്റിനോട് ചേർന്ന് ഒരു ചെറിയ വീടുണ്ട്. ഒരു പഴയ കെട്ടിടം. ആ വീട്ടിൽ അച്ഛനും അമ്മയും മക്കളും ഒരു മുത്തശ്ശിയുമാണ് താമസിച്ചിരുന്നത്. മുത്തശ്ശിക്ക് കണ്ണു കാണാത്തത് കൊണ്ട് മുത്തശ്ശിയുടെ മകന്റെ ഭാര്യക്ക് ഇഷ്ടമല്ലായിരുന്നു. എത്രയും പെട്ടെന്ന് ആ ഫ്ളാറ്റിലേക്ക് മാറി മുത്തശ്ശിയെ അവിടെ ഉപേക്ഷിക്കാനായിരുന്നു അവരുടെ പരിപാടി. അതിനായി അവർ പദ്ധതി ആസൂത്രണം ചെയ്യുന്നുണ്ടായിരുന്നു.എന്നാൽ കുട്ടികൾക്ക് ആ മുത്തശ്ശിയെ ജീവനായിരുന്നു. അവർക്ക് കിട്ടുന്ന മധുരപലഹാരങ്ങൾ അവർ മുത്തശ്ശിക്ക് നൽകുമായിരുന്നു. എന്നാൽ ഇതൊന്നും കുട്ടികളുടെ അമ്മയ്ക്ക് ഇഷ്ടമല്ലായിരുന്നു. ഒത്തിരി നന്മനിറഞ്ഞ കഥകൾ മുത്തശ്ശി അവർക്ക് പറഞ്ഞുകൊടുക്കുമായിരുന്നു. പെട്ടെന്നായിരുന്നു അത് സംഭവിച്ചത്. ആ വീട്ടിൽ മുത്തശ്ശിയെ തനിച്ചാക്കി അവർ ഫ്ളാറ്റിലേക്ക് മാറി. മുത്തശ്ശിയെ വൃദ്ധസദനത്തിലാക്കുവാൻ അവർ നിർബന്ധിച്ചു.ദൂരെ നിന്നെങ്കിലും തന്റെ പേരക്കുട്ടികളെ കാണാമെന്നു കരുതി മുത്തശ്ശി അവരുടെ നിർബന്ധത്തിനു വഴങ്ങിയില്ല.മുത്തശ്ശിയെ പിരിഞ്ഞത് കുട്ടികൾക്ക് വലിയ സങ്കടമായി.ദിവസങ്ങൾ കഴിഞ്ഞു ഫ്ളാറ്റിലെ കുടുംബസംഗമത്തിൽ കഥാമത്സരം നടക്കുകയാണ്.മുത്തശ്ശിയുടെ പേരക്കുട്ടികളുടെ

കഥകേട്ട് മറ്റു കുടുബാഗങ്ങൾ അതിശയിച്ചു.എല്ലാവരും കുട്ടികളെ അഭിനന്ദിക്കുകയും ഈ കഥ എങ്ങനെ പഠിടച്ചുവെന്ന് അന്വഷിക്കുകയും ചെയ്തു.കുട്ടികൾ മുത്തശ്ശിയെക്കുറിച്ചും മുത്തശ്ശിയുടെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചും പറഞ്ഞു.ഫ്ളാറ്റിലെ മറ്റു കുടുബംഗളെല്ലാം കുട്ടികളുടെ മാതാപിതാക്കളെ കണക്കിനു ശകാരിച്ചു.അവരെല്ലാം മുത്തശ്ശിയെ ഫ്ളാറ്റിലേക്ക് ക്ഷണിച്ചു.പക്ഷെ മുത്തശ്ശി അവരോട് പറഞ്ഞു."മക്കളെ എനിക്ക് ആരോടും പരിഭവമില്ല.എല്ലാവർക്കും നല്ലതുമാത്രം സംഭവിക്കട്ടെ."തങ്ങളുടെ കുട്ടികൾക്കും ഇതുപോലെ നല്ല കഥകൾ പറഞ്ഞു കൊടുക്കണമെന്ന് മുത്തശ്ശിയോട് അവർ അപേക്ഷിച്ചു."കുട്ടികൾക്ക് കഥ കേൾക്കണമെങ്കിൽ എന്റെ അടുത്തേക്ക് വിട്ടാൽ മതി,"എന്ന് മുത്തശ്ശി അവരോട് പറഞ്ഞു.മുത്തശ്ശിയുടെ മകനും ഭാര്യയും മുത്തശ്ശിയോട് മാപ്പ് പറഞ്ഞു.അവർ മുത്തശ്ശിയെ വീട്ടിലേക്ക് തിരികെ കൊണ്ടുവന്നു.പിന്നീട് മുത്തശ്ശിയെ വേദനിപ്പിച്ചിട്ടേയില്ല. മുത്തശ്ശിയെ ഫ്ളാറ്റിലുള്ള എല്ലാവരും സ്വന്തം മുത്തശ്ശിയായി കണ്ടു പിന്നീട് സന്തോഷത്തോടെ അവർ ജീവിച്ചു.

ജെനിഫർ ബിജു

IX B

# കുസൃതി ചോദ്യങ്ങൾ

1. അച്ഛൻ വന്നു എന്ന് പേരുള്ള FRUIT ഏത് ?

2. ഒരക്ഷരം പോയാൽ കുഴപ്പമാകുന്ന 4 മണി പലഹാരം ഏത് ?

3. വെള്ളത്തിൽ ജനനം വെള്ളം കൊണ്ട് തന്നെ മരണം.

4. ഉപയോഗിച്ചതിന് ശേഷം സൂക്ഷിച്ചു വെക്കും ഉപയോഗത്തിന് വലിച്ചെറിയും.

5. തിന്നാൻ വേണ്ടിയാണ് എന്നെ വാങ്ങുന്നത് എന്നാൽ ആരും എന്നെ തിന്നാറില്ല.

1 പപ്പായ,2 കുഴലപ്പം, 3 സൂര്യൻ, 4 വല, 5 പാത്രം.


നിഖിത ടി. എം

IX B

# നാവ് കുഴക്കികൾ

* ഒരു റോളെരുരുട്ടി  റോഡിലിട്ടാൽ

റോളെരുരുളുമോ റോഡുരുളുമോ

* കിളിരുരുളി വാലുരുളി വാലുളിലൊരു

ചോറുരുള

*കളകളമിളകുമൊരരുവിയിലലകളിലൊരു


കുളിരൊരു പുളകം

*  ചരലുരുളുമ്പോളുരലുരുളില്ല


*  അലറലോടലറലാണാലയിൽ കാലികൾ

സഹല.സി.എം

IX B




# ചിത്ര രചനകൾ



അശ്വിൻ.എസ്സ്.രാജ്

IX B



ട്രീസ ലോമിയ

IX B

<u>**ഉപസംഹാരം**</u>

ഞങ്ങളുടെ ഈ മാഗസിൻ പ്രവർത്തനങ്ങൾക്ക് എല്ലാ വിധ പ്രോത്സാഹനം നൽകിയ സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ അബ്ദുൽ ബഷീർ സാർ , ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ ശ്രീ ഷബീർ അഹമ്മദ് സാർ , ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് ശ്രീമതി റുക്സാന ബായി ടീച്ചർ , ഞങ്ങൾക്ക് ആവിശ്യമായ നിർദേശങ്ങൾ നൽകിയ ശ്രീ പ്രകാശൻ സാർ , മറ്റു പ്രിയപ്പെട്ട അധ്യാപകർ , സൃഷ്ടികളും ചിത്രങ്ങളും നൽകി സഹായിച്ച കൂട്ടുകാർക്കും ലിറ്റിൽ കൈറ്റ്സ് ജി എച് എസ് ചന്തിരൂരിന്റെ ഹൃദയംഗമമായ നന്ദി അറിയിക്കുന്നു ..

*ഞങ്ങളുടെ ഈ മാഗസിൻ* ഏവർക്കും ഒരു പ്രചോദനം ആകട്ടെ എന്ന പ്രാർത്ഥനയോടെ സമർപ്പിക്കുന്നു .......

